പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 741 29.5.2019 -ൽ മറുപടിയ്ക്ക്

**ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ തുടങ്ങി പൂർത്തീകരിച്ച പദ്ധതികൾ<br>1. സ്മൈൽ (സ്മാൾ & മീഡിയം ഇൻഡസ്ട്രീസ് ലെവറേജിംഗ് എക്സ്പീരിയൻഷ്യൽ ടൂറിസം)- 50 സംരംഭങ്ങൾ<br>2. വെർച്ച്വൽ ടൂർ ഗൈഡ്<br><br>നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ<br><br>1. വീഡിയോ ബ്രോഷർ (ഉത്തര മലബാറിലെ ടൂറിസം ആകർഷണങ്ങളെ കുറിച്ച്)<br>2. ടീ-ബ്രേക്ക്<br>3. ആക്സസ് ഡെവലപ്മെന്റ് & ബ്യൂട്ടിഫിക്കേഷൻ പദ്ധതി<br>4. നിലവിലുള്ള വിനോദസഞ്ചാര സൗകര്യങ്ങൾ വികസിപ്പിക്കൽ / നവീകരണം |
| ബി) | ബേക്കൽ സൗത്ത് ബീച്ച് പാർക്ക് നവീകരിക്കുവാൻ സുനാമി ഫണ്ടിൽ നിന്നും എത്ര തുക ചെലവാക്കി; ഇനം തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ; | ബി) | ബേക്കലിലെ ബീച്ച് നിർമ്മാണത്തിനായി സുനാമി ഫണ്ട് ഉപയോഗിച്ച് ടൂറിസം വകുപ്പ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അനുവദിച്ച നൽകിയ തുകയും പദ്ധതിയും ചുവടെ ചേർക്കുന്നു .<br>1.ബേക്കൽ ഫോർട്ട് ബീച്ച് പാർക്ക് ഡെവലപ് മെന്റ് 3,27,95,795/-<br>2. ബേക്കൽ ബീച്ച് പാർക്ക് ( ലാൻഡ് സ്കേപ്പിംഗ് ) 35,96,318/-<br>3. ബേക്കൽ തൃക്കണ്ണാട് ബീച്ച് -47,96,582/- |

(... 2)

| | | | |
|---|---|---|---|
| സി) | ബേക്കൽ ഡെവലപ്മെന്റ് കോർപറേഷൻ നാളിതുവരെ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്; പ്രസ്തുത സ്ഥലത്ത് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | സി) | ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപറേഷൻ നാളിതുവരെ 235.50 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലം ആറ് റിസോർട്ടുകൾ, ബേക്കൽ ബീച്ച് പാർക്ക്, ബി.ആർ.ഡി.സി കുടിവെള്ള പദ്ധതി, പാർക്കിംഗ് ബേ, തണൽ വിശ്രമ കേന്ദ്രം, കോട്ടപ്പുറത്തും ഇടയിലക്കാട്ടും ഉള്ള അമിനിറ്റി സെന്റർ എന്നീ പദ്ധതികളാണ് നടപ്പിലാക്കിയത്. |
| ഡി) | ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപറേഷനിൽ എത്ര സ്ഥിരം/താൽക്കാലിക ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | ഡി) | ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപറേഷനിൽ (അന്യത്ര സേവനത്തിൽ പോയവർ ഉൾപ്പെടെ) 17 (പതിനേഴ്) സ്ഥിരം ജീവനക്കാരാണ് ഉള്ളത്.<br><br>തസ്തിക തിരിച്ചുള്ള കണക്ക്<br>മാനേജർ (ടെക്നിക്കൽ)-1<br>മാനേജർ (എഫ്&എ)-1<br>മാനേജർ (പി &എ)-1<br>അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ)-2<br>അസിസ്റ്റന്റ് മാനേജർ (പ്രോപ്പർട്ടി മാനേജ്മെന്റ്)-1<br>സെക്രട്ടറി ടു എം.ഡി-1<br>സെക്രട്ടറി ടു ജി.എം.-1<br>അസിസ്റ്റന്റ്-3<br>ഡ്രൈവർ-2<br>അറ്റൻഡർ-4 |

സെക്ഷൻ ഓഫീസർ